കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് -ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി ധനസഹായം നൽകുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ജില്ലാപഞ്ചായത്തുകൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം:2057/2010/തസ്വഭവ** **തിരുവനന്തപുരം, തീയതി:22/6/2010**

---

**പരാമർശം:- 1. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 27/5/10-ലെ പി5/4876/09/റ്റി.ഡി.പി നമ്പർ കത്ത്.**

**2. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28/5/10-ലെ 4-ാം നമ്പർ തീരുമാനം**

**<u>ഉത്തരവ്</u>**

**ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി ധനസഹായം നൽകുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ജില്ലാപഞ്ചായത്തുകൾക്ക് അനുവാദം നൽകണമെന്ന് പരാമർശം ഒന്നിലെ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഈ വിഷയം കോ-ഓർഡിനേഷൻ കമ്മിറ്റി ചർച്ചചെയ്യുകയും, ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി പരമാവധി 10,00,000/- (പത്ത് ലക്ഷം) രൂപ ധനസഹായം നൽകാൻ ജില്ലാപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുവാൻ പരാമർശം രണ്ട് പ്രകാരം തീരുമാനമെടുക്കുകയുമുണ്ടായി.**

**2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി പരമാവധി 10,00,000/- (പത്ത് ലക്ഷം ) രൂപ വരെ സഹായം നൽകുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ജില്ലാപഞ്ചായത്തുകൾക്ക് അനുവാദം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**ബി.സരസ്വതി അമ്മ**
**അഡീഷണൽ സെക്രട്ടറി**

**പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം**
**നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം**
**ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം**
**എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും**
**അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ& ഇ) കേരള,തിരുവനന്തപുരം**
**എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)**
**കരുതൽ ഫയൽ/ഓഫീസ് കോപ്പി.**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്